കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നെൻമേനി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

e-mail: dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ഡബ്ല്യ.വൈ.ഡി.പി3-685/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

കൽപ്പറ്റ – പിൻ.673121
ഫോൺ: 04936-203672

തീയതി12/10/2018

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നെൻമേനി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നെൻമേനി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെൻമേനി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-2 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-8ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.

പകർപ്പ് :

1)കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വയനാട്.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി13-685/18

തീയതി12/10/2018

<u>വയനാട് ജില്ലയിലെ നെൻമേനി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ നെൻമേനി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1.4.2017 മുതൽ 9.7.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തി ലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. പി.എസ്. വസന്ത, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.7.2018 മുതൽ 24.7.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. കെ. എം. നവാസ് അസി.ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| | ശ്രീമതി. കെ കെ ബിന്ദു അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.കെ. വി. ഡേവിഡ് അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ടി.കെ. ലത ഓഡിറ്റർ |

(ബി) നിർവ്വഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.സി. ആർ. കറപ്പൻ | 01.4.2017 മുതൽ 31.3.2018 വരെ |
| സെക്രട്ടറി | ശ്രീ. ഷാജികുമാർ പി.ആർ. അസി.സെക്രട്ടറി (സെക്രട്ടറി അധിക ചുമതല) | 1.4.17 മുതൽ 19.6.2017 വരെ |
| | ശ്രീ.പ്രവീൺ.എസ്, അസി.സെക്രട്ടറി (സെക്രട്ടറി അധിക ചുമതല) | 20.6.17 മുതൽ 7.9.2017 വരെ |
| | ശ്രീ.അനീഷ് പോൾ അസി.സെക്രട്ടറി, (സെക്രട്ടറി അധിക ചുമതല) | 8.9.17 മുതൽ 11.9.2017 വരെ |
| | ശ്രീ.ഉസ്മാൻ.വി, (സെക്രട്ടറി അധിക ചുമതല) | 12.9.17 മുതൽ 21.9.2017 വരെ |
| | സനൽ കുമാർ.എ.പി, സെക്രട്ടറി | 9.1.17 മുതൽ 31.3.2017 വരെ |

ഉള്ളടക്കം


| | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |

| | | |
|---|---|---|
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| 13 | ഗ്രാമസഭ സംഘാടനം | 1-13 |
| | ഭാഗം-2 | |
| 14 | ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ പ്രവർത്തനം. | 2-1 |
| 15 | ബഡ്ജറ്റ് തയ്യാറാക്കിയതിലെ അപാകതകൾ | 2-2 |
| 16 | അക്കൗണ്ട്- തനത് ഫണ്ട് അക്കൗണ്ടുകളിലെ നടപടിക്രമങ്ങളിലെ വീഴ്ചകൾ | 2-3 |
| 17 | ലൈബ്രറി രസീത് ബുക്ക് സ്റ്റോക്ക് ക്രമപ്രകാരം സൂക്ഷിക്കുകയും വിതരണം നടത്തുകയും ചെയ്തില്ല. | 2-4 |
| 18 | വസ്തു നികുതി – ഓഡിറ്റ് നിരീക്ഷണങ്ങൾ | 2-5 |
| | ഭാഗം – 3 ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 19 | വികസന സ്റ്റാൻഡിംഗ് കമ്മിറ്റി | 3-1 |
| 20 | മൃഗസംരക്ഷണം-വനിതകൾക്ക് ആട് വിതരണം പദ്ധതി - പൂർത്തീകരിച്ചിട്ടില്ല. | 3-2 |
| 21 | കൃഷി അനുബന്ധമേഖലയിലെ പദ്ധതികൾ- സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. | 3-3 |
| 22 | പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം. | 3-4 |
| 23 | തൻവർഷം ചെലവ് നടത്തിയ പൊതുമരാമത്ത് പ്രോജക്ടുകളിലെ പ്രധാന ന്യൂനതകൾ. | 3-5 |
| 24 | ഗുണഭോക്തൃസമിതികൾക്ക് അധിക തുക | 3-6 |

| | | |
|---|---|---|
| | കൊടുത്തു. | |
| 25 | ഗുണഭോക്തൃ വിഹിതം അടവാക്കുന്നില്ല. | 3-7 |
| 26 | ഇ-ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടില്ല. | 3-8 |
| 27 | നിർദ്ദിഷ്ട സമയത്തിനുള്ളിൽ മരാമത്ത് പ്രവൃത്തികൾ പൂർത്തികരിക്കുന്നതിൽ വീഴ്ച - നിയമപരമായ നടപടികൾ സ്വീകരിച്ചിട്ടില്ല. | 3-9 |
| 28 | ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി | 3-10 |
| 29 | സ്റ്റാൻഡിംഗ് കമ്മിറ്റി,ഭരണസമിതി തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ വീഴ്ച | 3-11 |
| 30 | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം-സംയുക്ത പ്രോജക്ടുകൾ -ജില്ലാ,ബ്ലോക്ക് വിഹിതങ്ങൾ ഉറപ്പാക്കാതെ പദ്ധതി രൂപീകരിച്ചു | 3-12 |
| 31 | അങ്കണവാടി പൂരക പോഷകാഹാരവിതരണ പദ്ധതി-തുക വകയിരുത്തുന്നതിന് മുൻപ് ഡാറ്റ തയ്യാറാക്കി വിശകലനം ചെയ്തിട്ടില്ല. | 3-13 |
| 32 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വിശകലനം ചെയ്യപ്പെടുന്നില്ല | 3-14 |
| 33 | സാമൂഹ്യസുരക്ഷാ പ്രവർത്തനം- വിവിധക്ഷേമ പെൻഷനുകൾ-വിതരണം മോണിട്ടർ ചെയ്യാൻ സംവിധാനം ഇല്ല. | 3-15 |
| 34 | ആരോഗ്യവും വിദ്യഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി | 3-16 |
| 35 | പൊതുജനാരോഗ്യം- ആയുർവേദം -123314 രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല. | 3-17 |
| 36 | ഹോംകോയിൽ നിന്നും മരുന്ന് ലഭിക്കാൻ കാലതാമസം | 3-18 |
| 37 | ശുചിത്വം- ഖരമാലിന്യസംസ്കരണം- ഹരിതകർമ്മസേന പ്രവർത്തനം തുടങ്ങിയിട്ടില്ല. | 3-19 |
| 38 | തെരുവുവിളക്ക് റിപ്പയർ പദ്ധതി പൂർത്തീകരിച്ചില്ല. | 3-20 |
| | ഭാഗം – 4 | |
| 39 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് | 4-1 |

| | | |
|---|---|---|
| | വിനിയോഗം | |
| 40 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. | 4-2 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 42 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 43 | സ്ഥിര നിക്ഷേപം | 4-5 |
| 44 | ഓഡിറ്റ് റിക്കവറി | 4-6 |
| 45 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 46 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

27.03.2017 തീയതിയിലെ 1 ആം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 27/02/2018 തിയ്യതിയിലെ 23/2018 തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 10.05.2018 | ഇല്ല | ഇല്ല |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 23.6.2018 മുതൽ 25.6.2018 വരെ | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ ഭാഗമായി ചേർത്തിരിക്കുന്നു |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹ 5,58,64,229 |
| വരവ് | ₹ 12,63,62,938 |
| ആകെ | ₹ 18,22,27,167 |
| ചെലവ് | ₹ 14,71,30,035 |
| നീക്കിയിരിപ്പ് | ₹ 3,50,97,132 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 25731592 | 25731592 | 25731592 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 3264011 | 3264011 | 3264011 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 18892418 | 18892418 | 18892418 | 0 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 8800154 | 8800154 | 8800154 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 5679480 | 5679480 | 5679480 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 3308255 | 3308255 | 3308255 | 0 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 995907 | 995907 | 995907 | 0 |
| സാക്ഷരത | | 472845 | 17611 | 490456 | 0 | 490456 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 49751000 | 49803000 | 4956300 | 239000 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 57525 | 1712229 | 1763751 | 1691281 | 72536 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) പൈക്ക | | 31893 | 1486 | 41379 | - | 41379 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| തൊഴിൽ രഹിത വേതനം | | 0 | 13200 | 13200 | 13200 | 0 |
| വിധവകളുടെ മക്കളുടെ വിവാഹ ധനസഹായം | | 0 | 270000 | 270000 | 270000 | 0 |
| പ്രീ പ്രൈമറി കുട്ടികളുടെ വിദ്യാഭ്യാസം | | 0 | 115000 | 115000 | 115000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| നെൽ കൃഷി ഉൽപാദക ബോണസ് | | 0 | 1635463 | 1635463 | 1635463 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | | | | | |
| | ജില്ലാ പഞ്ചായത്ത് | 403910 | 3742700 | 4146610 | 3646610 | 500000 |
| ബി ഫണ്ട് | | 0 | 2041463 | 2041463 | 2041463 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 16036000 | 16036000 | 5864068 | 10270285 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 10906159 | 11465569 | 22371728 | 5864066 | 16507662 |
| | ട്രഷറി അക്കൗണ്ട് | | | | | |
| മറ്റിനം | | 43906694 | 23231044 | 67220941 | 59907774 | 6986089 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|
| 316 | 181 | 0 | 135 | 57.28 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ആകെ അടങ്കൽ തുക | ആകെ ചെലവ് തുക |
|---|---|---|---|---|
| സെക്രട്ടറി | 21 | 14 | 13156010 | 8208284 |
| വി ഇ ഒ | 12 | 12 | 26109853 | 11980130 |
| വെറ്റിനറി സർജൻ | 12 | 12 | 10251000 | 8457496 |
| ഹെഡ് മാസ്റ്റർ | 10 | 10 | 4375000 | 3320634 |
| അസി എഞ്ചിനീയർ | 228 | 106 | 84571137 | 27849794 |

| | | | | |
|---|---|---|---|---|
| അസി . സെക്രട്ടറി | 10 | 6 | 3093800 | 1056800 |
| ഐസിഡിഎസ് സൂപ്പർവൈസർ | 6 | 4 | 9525200 | 7300185 |
| കൃഷി ഓഫീസർ | 8 | 8 | 33890427 | 13709762 |
| ടി ഇ ഒ | 1 | 1 | 562500 | 298000 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | 1 | 1 | 300000 | 300000 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 1 | 1 | 300000 | 300000 |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 6 | 6 | 1270000 | 1161972 |

അസി.എഞ്ചിനീയറാണ് കൂടുതൽ പ്രോജക്ടുകൾ നടപ്പിലാക്കാതിരുന്നത്.(122 എണ്ണം) കുറഞ്ഞ തുക അടങ്കൽ ഉള്ള ഒട്ടേറെ പ്രോജക്ടുകൾ തയ്യാറാക്കി എന്നാൽ സമയബന്ധിതമായി നടപ്പിലാക്കാൻ സാധിച്ചില്ല.

പ്രോജക്ടുകളുടെ ആധിക്യവും എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ കുറവും പ്രയാസം സൃഷ്ടിച്ചു. അസി.എഞ്ചിനീയർക്ക് രണ്ടു പഞ്ചായത്തുകളുടെ ചുമതല ഉണ്ടായിരുന്നു.

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 57525 | 1712229 | 1763754 | 1691218 | 72536 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 49751000 | 49803000 | 49563000 | 239000 |
| ആകെ | 57525 | 51463000 | 51567000 | 51254000 | 311000 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 13200 | 61 |
| കർഷകതൊഴിലാളി പെൻഷൻ | 4830900 | 871 |
| വിധവാപെൻഷൻ | 12415600 | 2101 |
| വാർദ്ധക്യകാലപെൻഷൻ | 12167400 | 2602 |
| വികലാംഗപെൻഷൻ | 2576500 | 31 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16/7/2018 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 37700/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം ചുമതലകൾ വിഭജിച്ച് നൽകിയിട്ടുണ്ട്. അക്കൗണ്ടിംഗ് സമ്പ്രദായം നിർദ്ദേശ പ്രകാരം തന്നെ നടന്നുവരുന്നു. രസീത് ബുക്കുകൾ സൂക്ഷിക്കുന്നതിൽ വീഴ്ചവന്നിട്ടുണ്ട്. പഞ്ചായത്ത് ഇഷ്യൂ ചെയ്ത ചെക്കുകൾ ഗുണഭോക്താക്കൾ പണമാക്കി മാറ്റുന്നത് നിരീക്ഷിക്കപ്പെടുന്നില്ല. ബാങ്കുമായുള്ള പൊരുത്തപ്പെടുത്തലുകൾ സമയബന്ധിതമായി ചെയ്യുന്നില്ല. നികുതി നികുതിയേതര വരുമാനങ്ങളുടെ അസസ്സ്മെൻറ്, കളക്ഷൻ, രേഖപ്പെടുത്തലുകൾ എന്നിവ കൃത്യമായി ചെയ്തിട്ടുണ്ട്. സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്ന പത്രികയിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല. സാധനസാമഗ്രികളുടെ സ്റ്റോക്ക് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. വർഷാന്ത്യ സ്റ്റോക്ക് മൂല്യം കണക്കാക്കിയില്ല.

പഞ്ചായത്തിൻെറ ജീവനക്കാരുടെ സേവന വ്യവസ്ഥകൾ സംബന്ധിച്ച

നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചിട്ടുണ്ട്. പഞ്ചായത്തിൻെറ ആസ്തികൾ സംബന്ധിച്ച രേഖകൾ വിശദമായി രേഖപ്പെടുന്ന സംവിധാനം ഇല്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.6.18 മുതൽ 27.6.18 വരെ | 2017-18 | 28.7.18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28/01/2016 | 2010-11 മുതൽ 2014-15 വരെ | 14.3.2016 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1. പൈക്ക അക്കൗണ്ടുമായി ബന്ധപ്പെട്ട മുൻബാക്കി പഞ്ചായത്തിലെ രേഖയും വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
2. ജനറൽ പർപസ് ഗ്രാൻറ് നീക്കിബാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
3. സംയുക്ത പ്രോജക്ട് ബ്ലോക്ക്, ജില്ലാ പഞ്ചായത്തിൽ നിന്നുള്ള വിഹിതം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-13 ഗ്രാമസഭ സംഘാടനം

പഞ്ചായത്ത് രാജ് ഭരണസംവിധാനത്തിന്റെ അടിത്തറയായ ഗ്രാമസഭാസംഘാടനം വിലയിരുത്തുന്നതിന് തൻവർഷത്തെ ഗ്രാമസഭാമിനുട്സുകൾ പരിശോധിച്ചതിൽ , ഗ്രാമസഭ സംഘടിപ്പിക്കുന്നതിൽ, ജനപ്രതിനിധികളും പഞ്ചായത്ത് അധികൃതരും ഗ്രാമസഭാ കോർഡിനേറ്റർമാരും ശ്രദ്ധിച്ചിട്ടുണ്ട് എന്ന് കണ്ടു.എല്ലാ വാർഡുകളിലും 2017-18വർഷം 4 വീതം ഗ്രാമസഭകൾ സംഘടിപ്പിച്ചിട്ടുണ്ട്.വാർഷികപദ്ധതി സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പ് തിരിഞ്ഞ് ചർച്ച നടത്തുന്നു.ഓരോ മേഖലയിലും പദ്ധതിനിർദ്ദേശങ്ങൾ നൽകുന്നു.ഗ്രാമസഭകളിൽ ക്വോറം തികയുന്നുണ്ട്.ഗുണഭോക്തൃതെരഞ്ഞെടുപ്പ് നടത്തുന്നു.

ഏതാനും വാർഡുകളിലെ സാമ്പത്തികവർഷാദ്യഗ്രാമസഭയിൽ മുൻവർഷത്തെ വരവുചെലവുകണക്കുകൾ അംഗീകരിച്ചിട്ടുണ്ട്. മുൻവർഷത്തെ പദ്ധതികളുടെ നേട്ടകോട്ടങ്ങൾ വിശകലനം നടത്തിയിട്ടില്ല.പദ്ധതിനടത്തിപ്പ് സംബന്ധിച്ച് ചർച്ചകളും നിർദ്ദേശങ്ങളുമല്ലാതെ മോണിറ്ററിംഗ് നടത്തിയിട്ടില്ല.ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ച ചെയ്തിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ പ്രവർത്തനം.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(i) പ്രകാരം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റികൾ ധനകാര്യം, നികുതി, അക്കൌണ്ടുകൾ, ഓഡിറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവ കൈകാര്യം ചെയ്യേണ്ടതാണ്.

13-ാം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകൾ സർക്കാർ ഉത്തരവ് (എം.എസ്)72/2017 ത.സ്വ.ഭ.വ തീ 29.3.2017 ൽ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്. പദ്ധതി ആസൂത്രണവും മോണിറ്ററിങ്ങുമായി ബന്ധപ്പെട്ട് എന്നീ വിഷയങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണ്.

കേരള പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനങ്ങളും ചട്ടങ്ങൾ 13(1),13(1)(XIV) എന്നിവയിലെ നിർദ്ദേശത്തിനനുസൃതമായി ഭരണപരമായും കാര്യക്ഷമതയുമായും ബന്ധപ്പെട്ട നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ പ്രവർത്തനം.

ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചേർന്ന് ഗ്രാമപഞ്ചായത്തിന്റെ വരവ് ചെലവ് കണക്ക് അജണ്ടയിൽ ഉൾപ്പെടുത്തി ചർച്ച ചെയ്യുന്നുണ്ട്. കൂടാതെ വസ്തുനികുതി നിർണ്ണയം,പുനർനിർണ്ണയം, നികുതി ഒഴിവാക്കുന്നതിനുള്ള തീരുമാനം (50/20.06/17 -2 കെട്ടിടം, 73/27/09/2017 -4 കെട്ടിടം 15/18/ ലെ 22/02/2018 16 കെട്ടിടം) നികുതി കുറയ്ക്കുന്നതിനുള്ള അപേക്ഷകളിൽ തീരുമാനമെടുക്കൽ (82/17 /31/10/2017) വേക്കൻസി

റെമിഷൻ(58/14/07/17) (എസ്റ്റാബ്ലിഷ് -കണ്ടിജന്റ് ചാർജ്ജസ് ,വാടക ,ലേലം,വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, നികുതി പിരിവിന്റെ പുരോഗതി എന്നീ കാര്യങ്ങളെക്കുറിച്ചുള്ള ചർച്ചകൾ കാര്യക്ഷമമായി നടത്തുന്നുണ്ട്.

2. പൊതുഭരണം,ധനകാര്യം വർക്കിംഗ് ഗ്രൂപ്പ് സംഘാടനം

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 09.01.2017ലെ സ.ഉ(എം.എസ്) 10/2017 നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ആസൂത്രണ സമിതി രൂപീകരിച്ച് ഫോറം നം 1ലും വിവിധ വർക്കിംഗ് ഗ്രൂപ്പുകളെ തെരഞ്ഞെടുത്ത ഫോറം നം 2 ലും തയ്യാറാക്കി തദ്ദേശ സ്ഥാപനത്തിന്റെ ഉത്തരവായി പുറപ്പെടുവിച്ചതായി കാണുന്നില്ല. 2017-2022 പഞ്ചവത്സര പദ്ധതിയുടെയും 2017-18 വാർഷിക പദ്ധതിയുടെയും വർക്കിംഗ് ഗ്രൂപ്പ് രൂപീകരണയോഗം മേൽ ഉത്തരവ് പ്രകാരം ജനവരി 16ന് മുൻപായി ചേരണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പാലിച്ചിട്ടില്ല. 27.1.17 ന് പി.കെ സത്താർ ചെയർപേഴ്സൺ, ടി.പി ഷുക്കൂർ - വൈസ് ചെയർപേഴ്സൺ, ഷിനോജ് മാത്യു - കൺവീനറായും 11 അംഗങ്ങളും ഉൾപ്പെട്ട പൊതുഭരണം, ധനകാര്യം വർക്കിംഗ് ഗ്രൂപ്പ് രൂപികരണയോഗത്തിന്റെ മിനട്സ് പൂർത്തികരിച്ച് ഒപ്പ് വെച്ചിട്ടില്ല. 01/04/2017, 04/05/2017 എന്നീ തിയതീയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പുകളിൽ പദ്ധതി നിർദ്ദേശങ്ങൾ നല്ല രീതിയിൽ ചർച്ച നടത്തിയിട്ടുണ്ട്. എന്നാൽ സ്റ്റാറ്റസ് റിപ്പോർട്ട്, മോണിറ്ററിംഗ് എന്നിവ ചർച്ച ചെയ്തിട്ടില്ല. 2017-18 വാർഷിക പദ്ധതി വികസനസെമിനാർ 4.5.17ന് ചേർന്നിട്ടുണ്ടെങ്കിലും മിൻട്സ് രേഖപ്പെടുത്തിയിട്ടില്ല.

പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും തയ്യാറാക്കുന്നതിലും നടപ്പാക്കുന്നതിലും മോണിട്ടർ ചെയ്യുന്നതിലും പ്രധാനപങ്കാളിത്തം വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കാതെ പദ്ധതികൾ രൂപീകരിക്കുന്നത് ക്രമപ്രകാരമല്ല.വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

സ്റ്റാറ്റസ് റിപ്പോർട്ട്

ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അധികാരപരിധിയിലുള്ള കണക്കുകൾ,രേഖകൾ തയ്യാറാക്കൽ, ജനസേവനം കാര്യക്ഷമമാക്കൽ എന്നിവ അടിസ്ഥാനപ്പെടുത്തിയ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചു , സ്റ്റാറ്റസ് റിപ്പോർട്ടുകൾ മികച്ച രീതിയിൽ തയ്യാറാക്കിയിട്ടുണ്ട്. വികസന മേഖലയുടെ അവസ്ഥാ വിശകലനം,മുൻ കാലങ്ങളിൽ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിലയിരുത്തൽ, വികസന പരിപ്രേക്ഷ്യം,പ്രോജക്ട് ആശയങ്ങൾ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ,ധനകാര്യം,സദ്ഭരണം കമ്പ്യൂട്ടർ വത്ക്കരണം, കാര്യക്ഷമതാ ഘടകങ്ങൾ,ഫയലുകളുടെ തീർപ്പാക്കൽ സംബന്ധിച്ച വിവരങ്ങൾ,പശ്ചാത്തല സൗകര്യം, ആസ്തികളുടെ വിവരങ്ങൾ എന്നിവയെ കുറിച്ച് വിശദമായി റിപ്പോർട്ടിൽ

പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ വസ്തുനികുതി നികുതി ഒഴിവാക്കുന്നതിനുള്ള തീരുമാനം (50/20.06/17 -2 കെട്ടിടം, 73/27/09/2017 -4 കെട്ടിടം 15/18/ ലെ 22/02/2018 16 കെട്ടിടം) നികുതി കുറയ്ക്കുന്നതിനുള്ള അപേക്ഷകളിൽ തീരുമാനമെടുക്കൽ (82/17 /31/10 /2017) വേക്കൻസി റെമിഷൻ (58/14/07/17 ) മേൽ പ്രതിപാദിച്ച പ്രകാരം നികുതി എഴുതിതള്ളൽ, വേക്കൻസി റെമിഷൻ, അപ്പീൽ റിവിഷൻ എന്നിവ നടത്തിയതായി സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രജിസ്റ്ററും, രേഖകളും ലഭ്യമാക്കിയിട്ടില്ല.

## 2-2 ബഡ്ജറ്റ് തയ്യാറാക്കിയതിലെ അപാകത.

പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214 പ്രകാരം നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് 21/03/2017 ലെ 25/2017 ഭരണസമിതി തീരുമാനപ്രകാരവും, പുതുക്കിയ ബഡ്ജറ്റ് 27/02/2018 ലെ 23/2018 ഭരണസമിതി തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

അപാകതകൾ

1.നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർത്തിട്ടുണ്ടെങ്കിലും ചേർത്തതായി രേഖകൾ ലഭ്യമായിട്ടില്ല.

2.സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് സമർപ്പിച്ചതിന്റെ രേഖകൾ ലഭ്യമല്ല.

3.ഘടക സ്ഥാപന മേധാവികളും,സെക്രട്ടറിയും തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റുകൾ, നിർദ്ദേശങ്ങൾ ബന്ധപ്പെട്ട മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് പരിശോധനയ്ക്കും നിർദ്ദേശങ്ങൾക്കും നൽകിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4.ബന്ധപ്പെട്ട മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് നൽകിയതായി കാണുന്നില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214 (6) പ്രകാരം അനിവാര്യമായ അടിയന്തര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ളതായ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ ,അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവാക്കാൻ പാടില്ലാത്തതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214 (8) പ്രകാരം ഒരു പഞ്ചായത്ത് ബഡ്ജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ എന്തെങ്കിലും ചെലവ് വരുത്താൻ പാടില്ലാത്തതാണ്. എന്നാൽ നെന്മേനി ഗ്രാമപഞ്ചായത്തിൽ 2017-18 കാലഘട്ടത്തിൽ ബഡ്ജറ്റിൽ വകയിരുത്താതെയും, ബഡ്ജറ്റിൽ വകയിരുത്തിയതിൽ കൂടുതലും ചെലവഴിച്ചിട്ടുണ്ട്. അത്തരത്തിൽ ചെലവ് വന്ന ചെലവുകളുടെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ് | ഇനം | വകയിരുത്തിയത് | ചെലവഴിച്ചത് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 2105001 | ജീവനക്കാരുടെ പ്രൊവിഡന്റ് വിഹിതം | --------- | 85659 |
| 2 | 2501019 | കൃഷിയും അനുബന്ധ മേഖലകളും കുരുമുളക് | --------- | 23548 |
| 3 | 2501033 | മൃഗസംരക്ഷണം എരുമ വളർത്തൽ | --------- | 252500 |
| 4 | 2514001 | വനിത ശിശുക്ഷേമ പരിപാടികൾ | -------- | 4,50,000 |
| 5 | 2513001 | ഭവന നിർമ്മാണം | ------- | 119,25,153 |
| 6 | 2205101 | നീതിന്യായ സേവനങ്ങൾക്കുള്ള ചെലവുകൾ | 50000 | 60000 |
| 7 | 2301001 | വൈദ്യുതി - ഊർജ്ജം | 200000 | 219745 |
| 8 | 2302001 | മൊത്ത സമാഹരണം | 50000 | 275937 |
| 9 | 2501032 | മൃഗസംരക്ഷണം ആട് വളർത്തൽ | 200000 | 1500000 |

ബഡ്ജറ്റ് യഥാർത്ഥ്യ ബോദ്ധ്യത്തോടെയല്ലാതെ തയ്യാറാക്കിയതിനും, വകയിരുത്താതെ ചെലവഴിച്ചതിനും കൂടാതെ വകയിരുത്തിയതിൽ കൂടുതൽ ചെലവഴിച്ചതിനും മറുപടി ലഭ്യമാക്കുന്നതിന് 23/17-18/23.07.2018 ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമായിട്ടില്ല. ഭാവിയിൽ ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ ഘടകസ്ഥാപനങ്ങളുടെ മേധാവികളുമായി ചർച്ച് ചെയ്ത് കൃത്യമായ രേഖകളുടെയും, അവശ്യകതയുടെയും അവശ്യകത മുൻനിർത്തി യഥാർത്ഥ്യ ബോദ്ധ്യത്തോടെയും, അപാകതകൾ ഇല്ലാതെയും ബഡ്ജറ്റ് തയ്യാറാക്കേണ്ടതാണ്.

## 2-3 അക്കൗണ്ട്- തനത് ഫണ്ട് അക്കൗണ്ടുകളിലെ നടപടിക്രമങ്ങളിലെ വീഴ്ചകൾ

നെൻമേനി ഗ്രാമപഞ്ചായത്തിലെ 2017 -18 ഓഡിറ്റിൽ അക്കൗണ്ട്സും, രസീതും,ഡേബുക്ക്,ക്യാഷ് ബുക്ക്, ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസറ്റർ ബാങ്ക് അക്കൗണ്ടുകളുടെ 2017-18 റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് എന്നിവയുടെ പരിശോധന സമയത്ത് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 22 (1) പ്രകാരം ബാങ്കുകൾ ഏതെങ്കിലും ചെക്ക് സ്വീകരിക്കാതെ മടക്കുകയാണെങ്കിൽ അതിനുവേണ്ടി നൽകിയ രസീതിന്റെ ഓഫീസ് കോപ്പി റദ്ദ് ചെയ്യേണ്ടതും, ചെക്ക് നൽകിയ ആളെ പഞ്ചായത്തിൽ നിന്ന് നൽകിയ രസീത് ക്യാൻസൽ ചെയ്തു വിവരം അറിയിക്കേണ്ടതുമാണ്. ബന്ധപ്പെട്ട തുക, ബാങ്ക് ഏതെങ്കിലും ചാർജ്ജ് ഈടാക്കിയിട്ടുണ്ടെങ്കിൽ അത് ഉൾപ്പെടെ,ക്യാഷ് ആയോ ഡിമാന്റ് ഡ്രാഫ്റ്റ് ആയോ അടയ്ക്കണമെന്ന് അവശ്യപ്പെടേണ്ടതുമാണ്. ചട്ടം 22 (2) പ്രകാരം അപ്രകാരം അടയ്ക്കുന്ന തുകയ്ക്ക് ഒരു പുതിയ രസീത് നൽകേണ്ടതും ചട്ടം 22 (3) പ്രകാരം ബാങ്ക് മടക്കിയ ചെക്ക് സെക്രട്ടറി സൂക്ഷിക്കേണ്ടതും,ബന്ധപ്പെട്ട കക്ഷി പണം അടയ്ക്കുന്നതുവരെ മറ്റാർക്കും നൽകാൻ പാടില്ലാത്തതും ചട്ടം 22 (4) പ്രകാരം സ്വീകരിക്കാത്ത ചെക്ക് സംബന്ധിച്ച് ബാങ്കിൽ നിന്ന് ലഭിച്ച അറിയിപ്പിന്റെയോ സ്റ്റേറ്റ്മെന്റിന്റെയോ അടിസ്ഥാനത്തിൽ അക്കൗണ്ട് ബുക്കുകളിൽ അക്കൗണ്ടന്റ് റിവേഴ്സ് എൻട്രി വരുത്തേണ്ടതുമാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 26 (3) പ്രകാരം ട്രഷറി സ്റ്റേറ്റമെന്റുകൾ ഓരോ മാസാന്ത്യത്തിലും ശേഖരിക്കേണ്ടതും ലഭിച്ച തുകകൾ പൂർണ്ണമായി ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും അക്കൗണ്ട്ന്റിന്റെ ചുമതലയാണ്. പണം ഒടുക്കിയതിൽ തകരാറുകൾ ഉണ്ടെങ്കിൽ ഉടൻ തന്നെ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്.

എന്നാൽ മേൽ പ്രതിപാദിച്ച ചട്ടങ്ങളുടെ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കാത്തതിനാൽ തനത് വരുമാനം നിക്ഷേപിക്കുന്ന അക്കൗണ്ടുകളിൽ ചെക്ക്/ഡ്രാഫ്റ്റ് എന്നിയിനത്തിൽ വരവ് വന്ന തുക പണമായി മാറ്റാത്ത 3,85,929/-രൂപയുടെ ലഭ്യമായ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വരവ് വന്ന തുക പണമായി മാറ്റിയിട്ടില്ല.

| ക്രമ നം | ബാങ്ക് / അക്കൌണ്ട് | വൗച്ചർനം/ തീയതി | ഇനം | ചെക്ക്/ ഡി.ഡി/ തീയതി | തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | നമ്പർ | | | | |
| 1 | എസ്.ബി.ഐ കോളിയാടി 67169635205 | 11701090011 906/25/3/18 | ലഭ്യമല്ല | 1/25/3/18 | 11237/- |
| | | 31700332/25/3/18 | ലഭ്യമല്ല | ---- | 2385/- |
| | | 11701090011117/ 31/3/18 | ലഭ്യമല്ല | 1/31/3/18 | 1667/- |
| | | 11721050001/ 30/05/17 | ഡെപ്പോസിറ്റ് അലൈഡ് എജൻസി | 337704/ 13/05/17 | 2500/- |
| | | 11721050002 31/05/17 | ടോട്ടൽ സാനിറ്റേഷൻ | '856796/ 25/12/16 | 129683/- |
| | | 11604500023/ 21/12/2016 | ലക്ഷമി സുരേന്ദ്രൻ വസ്തുനികുതി | 12948/21 /12/2016 | 3780/- |
| | | 11604500024/ 21/12/2016 | ലക്ഷമി സുരേന്ദ്രൻ വസ്തുനികുതി | 12948/21 /12/2016 | 8658/- |
| | | 11604500025/ 21/12/2016 | ലക്ഷമി സുരേന്ദ്രൻ വസ്തുനികുതി | 12948/21 /12/2016 | 756/- |
| | | 116045000253 /27/03/17 | സ്ഥാപന തൊഴിൽ നികുതി | 129290/ 27/03/17 | 2575/- |
| | | 11601900058/ 27/03/17 | ലഭ്യമല്ല | 6/ 30/03/2017 | 25000/- |
| 2 | സഹകരണ ബാങ്ക് | 31600188/16/11/16 | ലഭ്യമല്ല | | 4683/- |
| | | 11404400001/ | ലഭ്യമല്ല | 472862/ | 5812/- |

| | | | | | |
|---|---|---|---|---|---|
| | | 04/04/2014 | | 31/03/14 | |
| | | 11304500058/ 26/03/2014 | ലഭ്യമല്ല | 11329/ 26/03/14 | 1250/- |
| | | 31600203/ 01/12/2016 | ലഭ്യമല്ല | | 5156/- |
| | | 31600184/ 10/11/2016 | ലഭ്യമല്ല | | 1149/- |
| | | 31600187/ 15/11/2016 | ലഭ്യമല്ല | | 50297/- |
| | | 31600183/ 09/11/2016 | ലഭ്യമല്ല | | 19126/- |
| | ചുള്ളിയോട് 882 | 31600189/ 17/11/2016 | ലഭ്യമല്ല | | 18871/- |
| | | 31600190/ 18/11/2016 | ലഭ്യമല്ല | | 9818/- |
| | | 31600191/ 19/11/2016 | ലഭ്യമല്ല | | 8045 |
| | | 31600192/ 22/11/2016 | ലഭ്യമല്ല | | 20203 |
| | | 31600193/ 24/11/2016 | ലഭ്യമല്ല | | 10199/- |
| | | 31600195/ 24/11/2016 | ലഭ്യമല്ല | | 12119/- |
| | | 31600196/ | ലഭ്യമല്ല | | 20036/- |

| | | | | | |
|---|---|---|---|---|---|
| | | 25/11/2016 | | | |
| | | 31600197/ 26/11/2016 | ലഭ്യമല്ല | | 6306/- |
| | | 31600199/ 30/11/2016 | ലഭ്യമല്ല | | 4618/- |
| | | ആകെ | | | 3,85,929 |

മേൽ പ്രതിപാദിച്ച തുകകൾ നാളിതുവരെ പണമായി മാറ്റിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ഏതൊക്കെ ഹെഡുകളിൽ ഏപ്പോഴാണ് വരവ് വന്നതെന്ന വിവരവും രസീത് നമ്പർ,തീയതി ഉൾപ്പെടെ ഓഡിറ്റിന് 23/07/2018 നകം വ്യക്തമായ വിശദീകരണമോടുകൂടിയ മറുപടി,ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ. 16/2017-18/ 20/07/2018 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല.

2. കാലാവധി കഴിഞ്ഞിട്ടും മുതൽ കൂട്ടാത്തവയുടെ വിശദാംശങ്ങൾ.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 79 (1) പ്രകാരം ബാങ്ക് പൊരുത്തപ്പെടൽ പത്രികകളിലെ പൊരുത്തപ്പെടാത്ത ഇനങ്ങൾ ,തിരിച്ച് കൊടുത്തിട്ടില്ലാത്ത പഴയ നിക്ഷേപങ്ങൾ, പ്രൊവിഷനുകൾ, തുടങ്ങിയവ നിർദ്ദേശിക്കപ്പെട്ട കാലാവധി അവസാനിച്ചാൽ,ബാങ്ക് പൊരുത്തപ്പെടൽ പത്രികകളിലെ പൊരുത്തപ്പെടുത്താതെ അവശേഷിക്കുന്ന ഇനങ്ങൾ,തിരിച്ച നൽകിയിട്ടില്ലാത്ത പഴയ നിക്ഷേപങ്ങൾ പ്രൊവിഷനുകൾ തുടങ്ങിയവ സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ട് ബുക്കിലേയ്ക്ക് തിരിച്ചെഴുതി ചേർക്കേണ്ടതാണ്.

മേൽ പ്രതിപാദിച്ച ചട്ടങ്ങളുടെ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കാത്തതിനാൽ ചെക്ക്/ഡിഡി ഇഷ്യൂ ചെയ്തിട്ട് മൂന്ന് വർഷം കഴിഞ്ഞിട്ടും മുതൽകൂട്ടാത്തവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബാങ്ക് / അക്കൌണ്ട് നമ്പർ | വൌച്ചർനം/ തീയതി | ഇനം | ചെക്ക്/ഡി.ഡി/ തീയതി | തുക |
|---|---|---|---|---|---|
| 1 | എസ്.ബി.ഐ കോളിയാടി | 2130028/ 20/06/2013 | | 594117/ 20/06/2013 | 578/- |

| | | | | | |
|---|---|---|---|---|---|
| | | 21400294/ 08/07/2014 | | 594146/ 08/07/2014 | 14675/- |
| | 67169635205 | 31400209/ 14/07/2014 | | 594148/ 08/07/2014 | 4843/- |
| | | 21401337/ 31/03/2015 | | / 31/03/2015 | 3199/- |
| | | | | | 23295 |
| 2 | സഹകരണ ബാങ്ക് ചുള്ളിയോട് 882 | 2013 | | | 17310/- |
| | | 2014 | | | 29781/- |
| | | 2015 | | | 218298/- |
| | | | | | 265389/- |
| | | (23295+265389) | | | 288684/- |

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ. 16/2017-18/ 20/07/2018 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല. അക്കൗണ്ട്സിൽ അപാകതകൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കേണ്ടതും, വരവായി വന്ന ചെക്കുകൾ/ഡിഡികൾ പണമായി മാറ്റുന്നതിനുള്ള അവശ്യമായ നടപടികളും, ഇഷ്യൂ ചെയ്ത ചെക്കുകൾ കാലാവധി കഴിഞ്ഞവ മുതൽക്കൂട്ടുന്നതിനും സമയബന്ധിതമായി സെക്രട്ടറി മുഖാന്തിരം നടപടികൾ സ്വീകരിക്കേണ്ടതും ചെക്ക് ആൻറ് ഡ്രാഫ്റ്റ് രജിസ്റ്റർ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കി അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-4 ലൈബ്രറി രസീത് ബുക്ക് സ്റ്റോക്ക് ക്രമപ്രകാരം സൂക്ഷിക്കുകയും വിതരണം നടത്തുകയും ചെയ്തില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 83 പ്രകാരം പഞ്ചായത്തിൽ രസീത് ബുക്കുകൾ ലഭിച്ചാലുടനെ ക്രമപ്രകാരം നമ്പർ ഇടുകയും സ്റ്റോക്കിലെടുക്കുകയും വേണം എന്നാൽ നെന്മേനി ഗ്രാമപഞ്ചായത്തിലെ 2017-18 സാമ്പത്തിക വർഷത്തെ

ഓഡിറ്റിന്റെ ഭാഗമായി ലൈബ്രറി രസീതുകളുടെ സ്റ്റോക്ക് ബുക്ക് പരിശോധിച്ചപ്പോൾ രസീത് ബുക്ക് പ്രിന്റ് ചെയ്ത് സ്റ്റോക്കിലെടുത്ത (1രസീത് ബുക്ക് 1061-1090) ക്രമത്തിൽ അല്ല വിതരണം നടത്തിയിട്ടുള്ളത്. കൂടാതെ പഴയ 24 രസീത് ബുക്കുകൾ സ്റ്റോക്കിലെടുക്കാതെ കൂട്ടിവെച്ചിരിക്കുന്നതും കണ്ടു. രസീത് ബുക്കുകൾ ക്രമ പ്രകാരം സ്റ്റോക്കിലെടുക്കാതെ സൂക്ഷിച്ചിരിക്കുന്നതിനും, സ്റ്റോക്കിലെടുത്ത രസീത് ബുക്കുകൾ ക്രമപ്രകാരം വിതരണം നടത്താത്തതിനും മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ 2/2017-18 നമ്പർ എൻക്വയറിയ്ക്ക് പഴയ 24 രസീത് ബുക്കുകൾ 1 മുതൽ 24 വരെ നമ്പർ നൽകി സ്റ്റോക്കിലെടുത്തിട്ടുണ്ടെന്നും, രസീത് ബുക്കുകൾ ക്രമപ്രകാരം വിതരണം നടത്തുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. അപാകതകൾ വരാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 2-5 വസ്തു നികുതി - ഓഡിറ്റ് നിരീക്ഷണങ്ങൾ

എ) സഞ്ചയ – സാംഖ്യ കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ ഡി.സി.ബി റിപ്പോർട്ടും 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഡിമാന്റ് | | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | കുടിശ്ശിക | തൻവർഷം | കുടിശ്ശിക | തൻവർഷം | | |
| ഡി.സി.ബി റിപ്പോർട്ട് | 2663396 | 5265083 | 2104121 | 4383902 | 559275 | 542929 |
| വാർഷിക കണക്ക് | | 5042334 | 2035007 | 4254942 | 491273 | 530019 |

സഞ്ചയ സ്രോഫ്റ്റ് വെയറിൽ നിന്ന് ലഭ്യമായ ഡി.സി.ബി റിപ്പോർട്ടും 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കും പൊരുത്തപ്പെടാത്തതിനുള്ള വ്യക്തമായ കാരണം ബോദ്ധ്യപ്പെടുത്തേണ്ടതാണ്. കൂടാതെ ഡി.സി.ബി. റിപ്പോർട്ടിൽ പൊരുത്തപ്പെടാത്ത 3,38,252/- രൂപ ബുക്ക് അഡ്ജസ്റ്റ്മെൻറ് നടത്തിയിട്ടുള്ളതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ബുക്ക് അഡ്ജസ്റ്റ്മെൻറ് നടത്താനുണ്ടായ സാഹചര്യവും രേഖകളും ഓഡിറ്റിന് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ബി) രേഖകൾ സൂക്ഷിച്ചിട്ടില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ വസ്തുനികുതി നിർണ്ണയം,പുനർനിർണ്ണയം, നികുതി ഒഴിവാക്കുന്നതിനുള്ള തീരുമാനം (50/20.06/17-2 കെട്ടിടം, 73/27/09/2017 -4 കെട്ടിടം 15/18/ ലെ 22/02/2018 1-6 കെട്ടിടങ്ങൾ) നികുതി കുറയ്ക്കുന്നതിനുള്ള അപേക്ഷകളിൽ തീരുമാനമെടുക്കൽ (82/17 /31/10/2017) വേക്കൻസി റെമിഷൻ, കുടിശ്ശിക എന്നിവ സംബന്ധിച്ച അപേക്ഷ

ലഭിക്കുകയും,തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അനുബന്ധ രജിസ്റ്ററുകൾ ( കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ,അപ്പീൽ റിവിഷൻ രജിസ്റ്റർ വേക്കൻസി റെമിഷൻ രജിസ്റ്റർ , എഴുതി തള്ളൽ രജിസ്റ്റർ) സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനങ്ങൾ പൂർണ്ണമായി നടപ്പിലാക്കിയെന്ന് ബോദ്ധ്യപ്പെടാൻ ഓഡിറ്റിന് സാദ്ധിച്ചിട്ടില്ല. വസ്തുനികുതി അനുബന്ധ രജിസ്റ്ററുകൾ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തി എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതും സമയബന്ധിതമായും,നിയമാനുസൃതവുമായും നികുതിവരവുകളുടെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും,രേഖകൾ കാലികമാക്കി സൂക്ഷിക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതുമാണ്.

മൊബൈൽ ടവ്വറുകളുടെ വസ്തു നികുതി - ഓഡിറ്റ് ഇംപാക്ട്

നെന്മേനി ഗ്രാമപഞ്ചായത്ത് 2015 -2016 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-3 പ്രകാരം താഴെ പറയുന്ന വിവിധ മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല എന്ന് പരാമർശിച്ചിരുന്നു. 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റിൽ വസ്തുനികുതി ഫയലുകളുടെ പരിശോധന സമയത്ത് പുരോഗതി വിവരം പരിശോധിച്ചപ്പോൾ കുടിശ്ശിക ഈടാക്കിയതിന്റെ ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | കെട്ടിടനമ്പർ/വാർഷിക നികുതി | ഉടമസ്ഥന്റെ പേര് | റിപ്പോർട്ട് പ്രകാരം ഈടാക്കേണ്ട കാലയളവ് | നിലവിൽ ഈടാക്കിയ കാലയളവ് | തുക |
|---|---|---|---|---|---|
| 1 | 2/107/A<br>8087/-രൂപ | WTT ഇൻഫോ സർവ്വീസ് LTD J&CO ചേമ്പേർസ് | 2010-11 മുതൽ | 2011-12 മുതൽ<br>2017-18വരെ | 59850/- |
| 2 | 2/492/A<br>8085/- | മാനേജർ,വോഡഫോൺ ഇസ്സാർ | 2010-11 മുതൽ | 2011-12 മുതൽ<br>2017-18വരെ | 67935/- |
| 3 | 5/260/A<br>8085/- | മാനേജർ,വോഡഫോൺ ഇസ്സാർ | 2013-14 മുതൽ | 011-12 മുതൽ<br>2017-18വരെ | 71190/- |
| 4 | 5/262 7350/-/- | മാനേജർ,ഭാരത് എയർടെൽ ലിമിറ്റഡ് | 2008-09 മുതൽ | 2011-12 മുതൽ | 62790/- |

| | | | | | |
|---|---|---|---|---|---|
| | | | | 2017-18വരെ | |
| 5 | 10/379-A 8663/- | എം.കെ നാരായണൻ ഇസ്സാർ ടെലികോം | 2013-14 മുതൽ | 2011-12 മുതൽ 2017-18വരെ | 51978/- |
| 6 | 12/291 9450/- | മാനേജർ,എയർസെൽ ഡിഷ്നെറ്റ് വയർലെസ്സ് | 2010-11 മുതൽ | 2011-12 മുതൽ 2017-18വരെ | 62694/- |
| 7 | 12/618-A 7009/- | മാനേജർ,ഇൻഡ്യ ടെലികോം | ------ | 2011-12 മുതൽ 2017-18വരെ | 52055/- |
| 8 | 12/701 14270/- | മാനേജർ,വോഡഫോൺ ഇസ്സാർ സെല്ലുല്ലാർ ലിമിറ്റഡ് | 2009-10 മുതൽ | 2011-12 മുതൽ 2017-18വരെ | 108300/- |
| 9 | 16/342-a 14380/- | മാനേജർ,ഇൻഡ്സ് ടവർ | 2013-14 മുതൽ | 2011-12 മുതൽ 2017-18വരെ | 86280/- |
| 10 | 17/116-a 14438/- | മാനേജർ,ഇൻഡ്സ് ടവർ ലിമിറ്റഡ് | 2011-12 മുതൽ | 2011-12 മുതൽ 2017-18വരെ | 107892/- |
| 11 | 18/269-A 8085/- | മാനേജർ ഇസ്സാർ ടെലികോം ടവർ | 2013-`14 മുതൽ | 2011-12 മുതൽ | 40425/- |

| | | | | | |
|---|---|---|---|---|---|
| | | | | 2017-18വരെ | |
| 12 | 19/647/A 12600/- | മാനേജർ,ഇൻഡ്സ് ടവർ | 2009-10 മുതൽ | 2011-12 മുതൽ 2017-18വരെ | 93540/- |
| 13 | 20/547/a | റിലയൻസ് ടെലികമ്മ്യൂണിക്കേഷൻ | 2013-14 മുതൽ | 2013-14 | 11340/- |
| | | | | | 8,76,269/- |

കുടിശ്ശിക തുക സമയബന്ധിതമായി പിരിച്ചെടുത്തത് അഭിനന്ദനാർഹമാണ്. കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 19/646/A ,17/343 എന്നീ കെട്ടിടനമ്പറിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ മുഴുവൻ കുടിശ്ശികയും 20/547/Aറിലയൻസ് ടെലികമ്മ്യൂണിക്കേഷൻ ടവറിന്റെ 2014-15 മുതലുള്ള കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സത്വരമായി സ്വീകരിച്ച് കുടിശ്ശിക ഈടാക്കിയതിന്റെ തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വികസന സ്റ്റാൻഡിംഗ് കമ്മിറ്റി

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(ii)പ്രകാരം വികസന സ്റ്റാൻഡിംഗ് കമ്മിറ്റി വികസന ആസൂത്രണം, സാമൂഹ്യവും സാമ്പത്തികവുമായ പ്ലാനിംഗ്, സ്പെഷൽ പ്ലാനിംഗ്,കൃഷി,മണ്ണുസംരക്ഷണം,സാമൂഹ്യവനവൽക്കരണം,മൃഗസംരക്ഷണം,ക്ഷീരവികസനം,ചെറുകിട ജലസേചനം, മത്സ്യബന്ധനം, ചെറുകിടവ്യവസായം, പൊതുമരാമത്ത്, പാർപ്പിട സൗകര്യം, കെട്ടിടനിർമാണങ്ങളുടെ നിയ ന്ത്രണം, വൈദ്യുതി എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാകുന്നു

13-ാം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകൾ സർക്കാർ ഉത്തരവ് (എം.എസ്)72/2017 ത.സ്വ.ഭ.വ തീ 29.3.2017 ൽ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്.പദ്ധതി ആസൂത്രണവും മോണിറ്ററിങ്ങുമായി ബന്ധപ്പെട്ട് എന്നീ വിഷയങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണ്.

കേരള പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനങ്ങളും ചട്ടങ്ങൾ 13(1),13(1)(XIV) എന്നിവയിലെ നിർദ്ദേശത്തിനനുസൃതമായി ഭരണപരമായും കാര്യക്ഷമതയുമായും ബന്ധപ്പെട്ട നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം-രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

സ.ഉ(എം.എസ്) 10/2017 തീയതി 9.1.2017 ലെ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ആസൂത്രണ സമിതി രൂപീകരിച്ച് ഫോറം നം 1ലും വിവിധ വർക്കിംഗ് ഗ്രൂപ്പുകളെ തെരഞ്ഞെടുത്ത് ഫോറം നം 2 ലും തയ്യാറാക്കി തദ്ദേശ സ്ഥാപനത്തിന്റെ ഉത്തരവായി പുറപ്പെടുവിച്ചതായി കാണുന്നില്ല. 2017-2022 പഞ്ചവത്സരപദ്ധതിയുടെയും 2017-18 വാർഷിക പദ്ധതിയുടെയും വർക്കിംഗ് ഗ്രൂപ്പ് രൂപീകരണയോഗം 27.1.17 ന് ചേർന്നിട്ടുണ്ടെങ്കിലും മിനുട്സിൽ ഒപ്പുകൾ മാത്രമാണ് രേഖപ്പെടുത്തിയത്. അതുകൊണ്ട് തന്നെ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.

2017-18വാർഷികപദ്ധതി വികസനസെമിനാർ 4.5.17ന് ചേർന്നിട്ടുണ്ടെങ്കിലും മിനുട്സ് രേഖപ്പെടുത്തിയിട്ടില്ല.

വികസന സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും യോഗം ചേർന്നിട്ടുണ്ട്. നടപ്പിലാക്കേണ്ട പ്രോജക്ടുകളെ കുറിച്ചും അടങ്കൽ തുക സംബന്ധിച്ചും വികസന മേഖലയുമായി ബന്ധപ്പെട്ട മറ്റ് പൊതുവായ കാര്യങ്ങളും ചർച്ച ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ വികസന കാഴ്ചപ്പാട് എന്താണെന്ന് ചർച്ച ചെയ്തതായി കാണുന്നില്ല. പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന്റെ ആവശ്യകത ചർച്ച ചെയ്തതായും കാണുന്നില്ല. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ വ്യക്തമായ തീരുമാനം ആവശ്യമായിരുന്ന പല മേഖലകളിലും ഇടപെടൽ ഉണ്ടായതായി കാണുന്നില്ല.

1.സ്റ്റാറ്റസ് റിപ്പോർട്ട് പൂർണ്ണമല്ല.

വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അധികാരപരിധിയിലുള്ള കൃഷി,ജലസേചനം, സാമൂഹ്യവനവൽക്കരണം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ സ്റ്റാറ്റസ് റിപ്പോർട്ടുകൾ പൂർണ്ണമല്ല. പല ഭാഗങ്ങളും പൂരിപ്പിച്ചിട്ടില്ല. നെൽകൃഷിക്ക് കൂലിച്ചിലവ് സബ്സിഡി പദ്ധതി നടപ്പാക്കുന്നുവെങ്കിലും രണ്ടാം വിള എത്ര ഹെക്ടറിൽ ചെയ്യുന്നു എന്നുപോലും ചേർത്തിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ കാർഷിക യന്ത്രങ്ങൾ എത്ര നിലവിൽ ഉണ്ട് എന്ന് പറഞ്ഞിട്ടില്ല. ലഭ്യമായ കാർഷിക ഉപകരണങ്ങളുടെ കണക്ക് തയ്യാറാക്കാതെയാണ് വീണ്ടും കാർഷിക ഉപകരണങ്ങൾ നൽകുന്നതിന് പ്രോജക്ട് തയ്യാറാക്കിയതും നടപ്പാക്കിയതും. മുൻവർഷങ്ങളിലെ പദ്ധതികളുടെ നേട്ടകോട്ടങ്ങൾ വിശകലനം ചെയ്തിട്ടില്ല. പഞ്ചായത്തിന്റെ പദ്ധതിരൂപീകരണത്തിന് മാർഗ്ഗനിർദ്ദേശം നൽകാവുന്ന രീതിയിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നത് സംബന്ധിച്ച ചർച്ചകൾ നടന്നതായി രേഖപ്പെടുത്തിയിട്ടില്ല

2.വർക്കിംഗ് ഗ്രൂപ്പ് സംഘാടനം കാര്യക്ഷമമല്ല.

വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അധികാരപരിധിയിലുള്ള കൃഷിയും അനുബന്ധ മേഖലകൾ എന്ന വർക്കിംഗ് ഗ്രൂപ്പ് തൻവർഷം അഞ്ച് തവണ മാത്രമാണ് യോഗം ചേർന്നത്. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. നടപ്പുപദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പ് മോണിട്ടർ ചെയ്തിട്ടില്ല. യോഗം ചേർന്നതിന്റെ വ്രക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ എഴുതിപൂർത്തീകരിച്ചില്ല. യോഗങ്ങളിൽ ഒപ്പുമാത്രം രേഖപ്പെടുത്തി പേജുകൾ ഒഴിച്ചിട്ടിരിക്കുന്നു.

1.4.17, 4.5.17, 27.2.18 എന്നീ തീയതികളിലെ യോഗങ്ങളിൽ പദ്ധതിനിർദ്ദേശങ്ങൾ നൽകുക എന്നതിൽകവിഞ്ഞ് മറ്റ് ചർച്ചകൾ നടന്നിട്ടില്ല.

3.പദ്ധതിനടത്തിപ്പ്.

കൃഷി, ചെറുകിടജലസേചനം ,സാമൂഹ്യവനവൽക്കരണംമേഖലകളിൽ കൃത്യമായ ഡാറ്റ ശേഖരിക്കുകയോ അതുപ്രകാരം പദ്ധതി രൂപീകരിക്കുകയോ ചെയ്യുന്നില്ല. എത്രത്തോളം ഭൂമി കൃഷി ചെയ്യാതെ കിടക്കുന്നുവെന്നോ തരിശുഭൂമികൾ കൃഷിയോഗ്യമാക്കാൻ പദ്ധതികൾ ആവിഷ്കരിക്കണമെന്നോ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചർച്ച ചെയ്തതായിക്കാണുന്നില്ല.

കൃഷിഭവന്റെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തിയതായോ പരിഹരിച്ചതായോ കാണുന്നില്ല. കൃഷിഭവന് കോൺഫറൻസ് ഹാൾ ഇല്ല. പ്രാഥമിക അടിസ്ഥാനആവശ്യമായ ജലലഭ്യത പോലും കൃഷിഭവനിൽ ഇല്ല. 2017-18 വർഷത്തെ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ ഒരു തവണപോലും ഈവിഷയങ്ങൾ ചർച്ച ചെയ്തിട്ടില്ല. കൃഷിക്ക് ജലസേചന സൗകര്യം ഉണ്ടോയെന്നും അത്തരം പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ടോയെന്നും ചർച്ച നടത്തിയിട്ടില്ല. നടപ്പാക്കുന്ന പദ്ധതികൾ ഫലപ്രാപ്തിയിലെത്തുന്നുണ്ടോ എന്ന് മോണിട്ടറിംഗ് നടക്കുന്നില്ല. ഭരണസമിതിയോ, സ്റ്റാൻഡിംഗ് കമ്മിറ്റിയോ, വർക്കിംഗ് ഗ്രൂപ്പോ മോണിട്ടറിംഗ് നടത്തുന്നില്ല.

ഈ വിഷയംസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19 .തീയതി 23.7.18ക്ക് സെക്രട്ടറി നൽകിയ മറുപടിയിൽ സ.ഉ(എം.എസ്) 10/2017 തീയതി 9.1.2017 ലെ നിർദ്ദേശപ്രകാരം വർക്കിംഗ് ഗ്രൂപ്പ് സംഘാടനവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ പഞ്ചായത്ത് ഭരണസമിതിയിൽ എടുക്കാറുണ്ടെന്നും നടപ്പിൽ വരുത്താറുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട മിനുട്സുകൾ രേഖപ്പെടുത്തി വെക്കുന്നതിലും രേഖകൾ ക്രമപ്പെടുത്തി വെക്കുന്നതിലും വീഴ്ച വന്നിട്ടുണ്ട് എന്നാണറിയിച്ചത്.അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-2 മൃഗസംരക്ഷണം-വനിതകൾക്ക് ആട് വിതരണം പദ്ധതി - പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 93/18 |
| പ്രോജക്ട് | വനിതകൾക്ക് ആട് വിതരണം പദ്ധതി ജനറൽ |
| അടങ്കൽ | ₹11,02,500/- (വികസന ഫണ്ട് ₹5,77,500/-, |

| | |
|---|---|
| | ഗുണഭോക്തൃ വിഹിതം ₹5,25,000/-) |
| ചെലവഴിച്ച തുക | ₹10,50,000/-രൂപ(വികസന ഫണ്ട് ₹5,77,500/-, ഗുണഭോക്തൃ വിഹിതം ₹4,20,000/-)<br>ബിൽ നം. 14/16/03/2018<br>ബിൽ നം. 24/26/03/2018 |
| നിർവഹണം | വെറ്ററിനറി സർജൻ |

33 കുടുംബശ്രീ യൂണിറ്റുകൾക്കായി 8 ആടുകൾ (35000 രൂപ വില മതിക്കുന്ന) വീതം വിതരണം ചെയ്യുന്നതാണ് പദ്ധതി. സർക്കാർ അംഗീകരിച്ച നിർവ്വഹണ ഏജൻസിയായ ബ്രഹ്മഗിരി ഡവലപ്പ് മെന്റ് സൊസൈറ്റിയാണ് ആടുകളെ വിതരണം ചെയ്യാമെന്ന് 13.3.18 ന് വെറ്ററിനറി സർജനുമായി കരാർ വെച്ചത്. 2018 ഏപ്രിൽ 30 ന് മുൻപായി വിതരണം ചെയ്യാം എന്ന് കരാറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ സംഗമം (വാർഡ് 15), ഉദയ (വാർഡ് 3), മല്ലിക (വാർഡ് 5) എന്നീ യൂണിറ്റുകൾക്ക് ആടുകളെ വിതരണം നടത്തിയിട്ടില്ല. ഒരു ആടിന് ₹4,375/- രൂപ പ്രകാരം 240 ആടുകൾക്കായാണ് ₹10,50,000/- രൂപ ചെലവഴിച്ചത്. ആടുകളുടെ വിതരണം പൂർത്തിയാക്കേണ്ടതാണ്.

## 3-3 കൃഷി അനുബന്ധമേഖലയിലെ പദ്ധതികൾ-സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ തൻവർഷം കാർഷിക യന്ത്രങ്ങൾ വാങ്ങി നൽകുന്നതിനായി കൃഷി ഓഫീസർ മുഖേന പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് നമ്പർ-79/18

പ്രോജക്ട്-കുരുമുളക് സമിതികൾക്ക് കാടുവെട്ടുയന്ത്രം, അടങ്കൽ – 210000/-

ചെലവഴിച്ച തുക-165452 ,ട്രഷറിബിൽ നമ്പർ-8/17-18/28.2.18-165452 രൂപ

പ്രോജക്ട് പ്രകാരം 8 കുരുമുളക് സമിതികൾക്ക് കാട്ടുവെട്ടുയന്ത്രങ്ങൾ സബ്സിഡി നിരക്കിൽ വാങ്ങി നൽകി.

2.പ്രോജക്ട് നമ്പർ-77/18

പ്രോജക്ട്-കേരസമിതികൾക്ക് തെങ്ങുകയറ്റയന്ത്രം, അടങ്കൽ – 95000/-

ചെലവഴിച്ച തുക-85500 ,ട്രഷറിബിൽ നമ്പർ-4/17-18/10.1.18-85500 രൂപ

പ്രോജക്ട് പ്രകാരം 19 കേരസമിതികൾക്ക് 2 വീതം തെങ്ങുകയറ്റയന്ത്രങ്ങൾ സബ്സിഡി നിരക്കിൽ വാങ്ങി നൽകി.

3.പ്രോജക്ട് നമ്പർ-78/18

പ്രോജക്ട്-പാടശേഖരസമിതികൾക്ക് റോക്കർ സ്പ്രേയർ, അടങ്കൽ – 242000/-

ചെലവഴിച്ച തുക-217800 , ട്രഷറിബിൽ നമ്പർ-3/17-18/10.1.18-217800 രൂപ

പ്രോജക്ട് പ്രകാരം 22 പാടശേഖരസമിതികൾക്ക് 2 വീതം റോക്കർ സ്പ്രേയറുകൾ സബ്സിഡി നിരക്കിൽ വാങ്ങി നൽകി.
മേൽ യന്ത്രങ്ങൾ വാങ്ങിയത് ചിറ്റാരിക്കൽ കൃഷികേന്ദ്ര എന്ന സ്ഥാപനത്തിൽ നിന്നാണ്.
സ.ഉ.(എം.എസ്) നമ്പർ.80/2017 ത.സ്വ.ഭ.വ.3.4.17 പ്രകാരം കാർഷികയന്ത്രങ്ങൾ വാങ്ങിനൽകുന്ന പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് മുൻപ് നിലവിലുള്ള ഉപകരണങ്ങളുടെ കണക്കെടുത്ത് നിലവിലുള്ള യന്ത്രങ്ങൾ അപര്യാപ്തമാണോ എന്ന റിപ്പോർട്ട് കൃഷി ഓഫീസർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണെങ്കിലും റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. മേൽ ഉത്തരവ് പ്രകാരം എഗ്രിമെന്റിൽ യന്ത്രങ്ങളുടെ ഉടമസ്ഥത കൃഷി ഓഫീസറുടെ പേരിലാണെന്ന നിബന്ധന ഉൾപ്പെടുത്തേണ്ടതാണെങ്കിലും നിബന്ധന ഉൽപ്പെടുത്തിയിട്ടില്ല. വാടകക്ക് നൽകുന്നത് സംബന്ധിച്ചും വ്യക്തത വരുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11 തീയതി 19.7.18 ന് കൃഷി ഓഫീസർ നൽകിയ മറുപടിയിൽ അറിവില്ലായ്മ കാരണമാണ് ഈ വിവരങ്ങൾ ഉൾപ്പെടുത്താത്തത് എന്ന് അറിയിച്ചിട്ടുണ്ട്. കാർഷിക ഉപകരണങ്ങളുടെ കണക്കുകൾ തയ്യാറാക്കി, മറ്റ് അപാകങ്ങൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം.

I)പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. 25.02.2015 - ന് ശേഷം 21.01.2017 -നാണ് യോഗം ചേർന്നതായി കാണുന്നത്. 2017-18 കാലയളവിൽ 4 പ്രാവശ്യമാണ് വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നിട്ടുള്ളത്. അതിൽ 04.05.2017, 22.01.2018 എന്നീ തീയതികളിലെ മിനിട്ട്സ് ക്ലോസ് ചെയ്തിട്ടില്ല. 22.01.2018, 27.2.2018 എന്നീ തീയതികളിലെ യോഗത്തിൽ കൺവീനർ പങ്കെടുത്തിട്ടില്ല. 27.2.2018 - ന് ശേഷം

വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ നടപ്പിലാക്കേണ്ട പ്രോജക്ടുകളെ കുറിച്ച് വിശദമായ വിശകലനം നടത്തിയിട്ടില്ല. പൊതുമരാമത്ത് സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൻെറ പൊതുമരാമത്ത് പ്രവൃത്തികളുടെ പൊതുവായ ന്യൂനതകൾ താഴെ പറയുന്നു.

i) തൻവർഷം ഗ്രാമപഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി പല റോഡുകളും കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ റോഡുകൾ കോൺക്രീറ്റ് ചെയ്യേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കി കൊണ്ട് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചതായോ സ്റ്റാന്റിംഗ് കമ്മിറ്റി ആയത് പരിശോധിച്ച് കോൺക്രീറ്റ് പ്രവൃത്തികൾക്ക് അനുമതി നൽകിയതായോ കാണുന്നില്ല.

ii) റോഡ് സംരക്ഷണ ഗ്രാന്റ് വകമാറ്റി പുതിയ റോഡ് ടാറിംഗ് പ്രവൃത്തികൾ നടത്തിയിട്ടുണ്ട് (തൻവർഷം 22 റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് വകമാറ്റി ചെലവ് ചെയ്തിട്ടുണ്ട്). ആയത് സംബന്ധിച്ച് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്തതായി കാണുന്നില്ല.

ഉദാ: 1) 53/17, താളൂർ പാമ്പള റോഡ് ടാറിംഗ്.

2)177/18, മഞ്ഞാടി കോളനി കട്ടയാട് റോഡ് ടാറിംഗ്.

പാച്ച് ടാറിംഗ് വർക്കുകൾ കുറവായതിനാൽ റോഡ് സംരക്ഷണ ഗ്രാന്റ് ഉപയോഗിച്ച് ടാറിംഗ് പ്രവൃത്തികൾ നടത്താം എന്ന 25.05.2017 -ലെ ഭരണസമിതിയുടെ 1/1 -ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കിയത് എന്നാണ് എഞ്ചിനീയറിംഗ് വിഭാഗം ഓഡിറ്റിൽ അറിയിച്ചിട്ടുള്ളത്. റോഡ് സംരക്ഷണ പ്രവൃത്തികളൊന്നും ബാക്കിയില്ല എന്ന അസി. എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണസമിതിയുടെ ഐക്യകണ്ഠേനയുള്ള തീരുമാന പ്രകാരമാണ് റോഡ് സംരക്ഷണ ഗ്രാന്റ് റോഡ് ടാറിംഗ്/കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് വിനിയോഗിക്കാവുന്നത് (സർക്കുലർ നം. 68228/എഫ്.എം. 1/2012/തസ്വഭവ, 28.11.2012).

iii) പല മരാമത്ത് പ്രവൃത്തികളും ക്വട്ടേഷൻ വിളിച്ച് നടപ്പിലാക്കിയിട്ടുണ്ട് (തൻവർഷം 28 പ്രവൃത്തികൾക്ക് ഇപ്രകാരം ചെലവ് നടത്തിയിട്ടുണ്ട്). ആയത് സംബന്ധിച്ച് വികസന സ്റ്റാന്റിംഗ് കമ്മിറ്റിൽ ചർച്ച ചെയ്തതായി കാണുന്നില്ല. ഭരണസമിതി തീരുമാനവും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഉദാ: 1)56/17, ആനപ്പാറ അത്തിവയൽ റോഡ് ടാറിംഗ്.

2)39/17, മുരിക്കിലാടി റോഡ് ടാറിംഗ്.

ടെണ്ടറിലും റീടെണ്ടറിലും ആരും പങ്കെടുക്കാത്തതിനാലാണ് ക്വട്ടേഷൻ പ്രകാരം

നടപ്പിലാക്കിയത് എന്നാണ് ഓഡിറ്റിൽ അറിയിച്ചത്. എന്നാൽ പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടറിന്റെയും റീടെണ്ടറിന്റെയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മാരാമത്ത് ചട്ടങ്ങളിൽ ക്വട്ടേഷൻ മുഖേന മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കാൻ വ്യവസ്ഥ ചെയ്തിട്ടില്ല. സർക്കാറിന്റെ മുൻകൂർ അനുമതി വാങ്ങിയതായും കാണുന്നില്ല. പ്രസ്തുത പ്രവൃത്തികൾക്ക് വേണ്ടി ലഭിച്ചിട്ടുള്ള ക്വട്ടേഷനുകളിൽ ഒന്നും തീയതി രേഖപ്പെടുത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ടാബുലേഷൻ സ്റ്റേറ്റ്മെന്റുമില്ല.

iv) കെട്ടിട നിർമ്മാണ പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പിലാക്കിയപ്പോൾ, കെട്ടിടം ഉപയോഗപെടുത്താൻ ആവശ്യമായ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തിയല്ല നടപ്പിലാക്കിയിട്ടുള്ളത്. ആയത് പദ്ധതി മാർഗ്ഗരേഖ ലംഘനമാണ്. പ്രസ്തുത വിഷയം വികസന സ്റ്റാന്റിംഗ് കമ്മിറ്റിൽ ചർച്ച ചെയ്തതായി കാണുന്നില്ല.

ഉദാ: 1)526/18, മണ്ടോക്കര കോളനി സംസ്കാരിക നിലയം.

2)231/17, കോട്ടകുന്ന് കോളനി സംസ്കാരിക നിലയം.

ഫണ്ടിന്റെ അപര്യപ്തതയാണ് മേൽ പറഞ്ഞതിന് കാരണമായി എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തികാണുന്നത്. ഫണ്ടിന്റെ കുറവുണ്ടാകുന്ന സാഹചര്യത്തിൽ വിവിധ വർഷ പ്രോജക്ടായി വിഭാവനം ചെയ്യുകയായിരുന്നു വേണ്ടത്.

v) മരാമത്ത് പ്രവൃത്തികളുടെ രേഖകൾ സൂക്ഷിപ്പ്.

1)റോഡ് രജിസ്റ്റർ, കണക്ടിവിറ്റി മാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3) വർക്ക് ഫയലുകളിൽ നോട്ട് ഫയലില്ല. കരസ്പോണ്ടൻസ് ഫയലിന് പേജ് നമ്പർ നൽകിയിട്ടില്ല. ഫയലിൽ ടെണ്ടർ നോട്ടീസ് ഇല്ല. റീടെണ്ടറുകൾ നടത്തിയവയുടെ കാര്യത്തിൽ മുമ്പ് നടത്തിയ ടെണ്ടറിന്റെ വിവരമില്ല. സെലക്ഷൻ നോട്ടീസിലും വർക്ക് ഓർഡറിലും തീയതി രേഖപ്പെടുത്തിയിട്ടില്ല. എസ്റ്റിമേറ്റിനോടൊപ്പം ഡാറ്റയില്ല. പല റോഡ് പ്രവൃത്തികളുടെയും ചെയ്നേജ് രേഖപ്പെടുത്തിയിട്ടില്ല. പല കെട്ടിട നിർമ്മാണ പ്രവൃത്തികളുടെയും ഡ്രോയിംഗ് ഇല്ല. കരാറുകാർ തുക കൈപ്പറ്റിയെന്നതിന് രേഖയില്ല.

4)അളവ് പുസ്തകത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. അളവ് പുസ്തകത്തിൽ മെമ്മോ ഓഫ് പേയ്മെന്റ് കൃത്യമായി രേകപ്പെടുത്തിയിട്ടില്ല. കാരാറുകാർക്ക് പേയ്മെന്റ് നടത്തിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

5) വാറ്റ്, ഐ.റ്റി, തൊഴിലാളി ക്ഷേമനിധി എന്നിവയുടെ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. തൻവർഷം നടത്തിയ താഴെ പറയുന്ന പേയ്മെന്റുകളുടെ കൈപ്പറ്റ് രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവിന്റെ കൃത്യത ഓഡിറ്റിന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

| ക്രമ നം. | ചെലവിനം | വൗച്ചർ നം., തീയതി | തുക |
|---|---|---|---|
| 1 | വാറ്റ് | 1)01/17-18, 17.05.2017<br>2)49/17-18, 28.01.2018 | 14876<br>4157 |
| 2 | ഐ.റ്റി | 1)02/17-18, 09.06.2017<br>2)49/17-18, 28.01.2018<br>3)62/17-18, 08.02.2018 | 3501<br>1347<br>580 |
| 3 | തൊഴിലാളി ക്ഷേമനിധി | 1)03/17-18, 19.06.2017<br>2)61/17-18, 16.01.2018 | 3640<br>424 |

6) ഗ്രാമപഞ്ചായത്ത് ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പ്രോജക്ടുകളിലെ പൊതുവായ ന്യൂനതകൾ താഴെ പറയുന്നു.

i)മിനുട്ട്സ് ബുക്ക് : മിനിട്ട്സ് ബുക്ക് സെക്രട്ടറി/നിർവ്വഹണ ഉദ്ധ്യഗസ്ഥ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഗുണഭോക്തൃ സമിതി ആഴ്ചയിൽ ഒരിക്കൽ യോഗം ചേർന്നതായി കാണുന്നില്ല. ബാങ്കിൽ നിന്ന് എത്ര രൂപ പിൻവലിക്കണം, സാധനങ്ങൾ ഏത് നിരക്കിൽ എവിടെ നിന്ന് വാങ്ങണം, എത്ര തൊഴിലാളികളെ നിയോഗിക്കണം തുടങ്ങിയ കാര്യങ്ങൾ തീരുമാനിച്ചതായി മിനുട്ട്സിൽ രേഖപ്പടുത്തലുകൾ ഇല്ല.

ii)മസ്റ്റർറോൾ : മസ്റ്റർറോളിൽ തൊഴിലാളികൾ തീയതിവെച്ച് ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല

(തീയതിവെച്ച് ഒപ്പിടാത്ത മസ്റ്റർറോളുകൾ അസാധുവാണ്). മസ്റ്ററോളിന്റെ അവസാനഭാഗത്ത് കൺവീനറും, ചെയർമാനും തീയ്യതിവെച്ച് ഒപ്പ് രേഖപ്പെടുത്തണം. എന്നാൽ കൺവീനറും, ചെയർമാനും പല മസ്റ്റർറോളുകളിലും ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

iii)ബാങ്ക് അക്കൗണ്ട് : മാർഗ്ഗരേഖ പ്രകാരം ഗുണഭോക്തൃസമിതിയുടെ പണമിടപ്പാടുകൾ ചെയർമാന്റെയും കൺവീനറുടെയും പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ട് വഴി ആയിരിക്കണം. പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷം ബാക്കി തുകയുണ്ടെങ്കിൽ അത് പിൻവലിച്ച് പഞ്ചായത്തിൽ ഒാടുക്കി അക്കൗണ്ട് ക്ലോസ് ചെയ്ത് പാസ് ബുക്ക് വർക്ക് ഫയലിനോടൊപ്പം സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റിന് സമർപ്പിച്ച ഗുണഭോക്തൃസമിതി വർക്കുകളുടെ ഫയലുകളിൽ ബാങ്ക് പാസ്സ് ബുക്ക്/സ്റ്റേറ്റ്മെന്റില്ല.

iv)വരവ് ചെലവ് കണക്ക് പുസ്തകം എഴുതി സൂക്ഷിച്ചിട്ടില്ല. തൊഴിലാളികൾക്ക് വേതനം നൽകിയതിന്റെ വൗച്ചറുകൾ ഇല്ല.

v)ദൈനന്തിന ഡയറി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

vi)ഗുണഭോക്തൃസമിതി മുഖാന്തിരം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഫയലുകളിൽ പലതിലും കരിങ്കല്ല്, മണൽ, മെറ്റൽ എന്നിവ വാങ്ങിയതിന്റെ ബില്ലില്ല. ഇവയുടെ കൈപ്പറ്റ് രശീത് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. വാണ്യജ്യ നികുതി ഇനത്തിൽ സർക്കാറിന് വൻ നഷ്ടത്തിന് ഇത് കാരണമാകുന്നു.

## 3-5 തൻവർഷം ചെലവ് നടത്തിയ പൊതുമരാമത്ത് പ്രോജക്ടുകളിലെ പ്രധാന ന്യൂനതകൾ.

പ്രവൃത്തി മൂല്യത്തെക്കാൾ അധികം ചെലവ്.

ഗ്രാമപഞ്ചായത്ത് ടെണ്ടർ നടപടി മുഖാന്തിരം സംരക്ഷണ ഗ്രാന്റ് വിനിയോഗിച്ച് നടപ്പിലാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾക്ക് പ്രവൃത്തി മൂല്യത്തെക്കാൾ അധികം ചെലവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം., പ്രോജക്ടിന്റെ പേര്, കരാറുകാരൻ | ചെലവ് തുക, ബിൽ നമ്പർ | പ്രവൃത്തി മൂല്യം, എം. ബുക്ക് നമ്പർ | അധികം നൽകിയ തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 192/18, വിവധ സബ് സെന്റർ റിപ്പയർ,<br>ശ്രീ. പി. ആർ. ശിവരാജൻ | 398823/-രൂപ,<br>49/17-18,<br>08.01.2018 | 360926/-രൂപ,<br>535/17-18,<br>540/17-18 | 37897/-രൂപ |
| 2 | 153/18, വിവധ അംഗൻവാടി റിപ്പയർ,<br>ശ്രീ. കെ. ആർ. രാജൻ | 864499/-രൂപ,<br>43/17-18,<br>25.10.2017<br>179809/-രൂപ,<br>51/17-18,<br>08.01.2018 | 1030458/-രൂപ,<br>541/17-18,<br>552/17-18 | 13910/-രൂപ |
| | ആകെ | 1044368/- | ആകെ | 51807/-രൂപ |

എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന സർവ്വീസ് ടാക്സ് തുക കൂടി കരാറുകാർക്ക് നൽകിയതിനാലാണ് അധിക ചെലവ് വന്നത്. പരിശോധിച്ച് അധികമായി കൊടുത്ത തുക കരാറുകാരിൽ നിന്നും തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 25/2017-18/ 23.07.2018) അസി. എഞ്ചിനീയർ മറുപടി നൽകിയിട്ടുള്ളത്. അധികമായി അനുവദിച്ച തുക കരാറുകാരിൽ നിന്നും തിരികെ ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കി അറിയിക്കേണ്ടതാണ്.

പ്രവൃത്തിയുടെ മെമ്മോ ഓഫ് പേയ്മെൻറ് തയ്യാറാക്കിയ അസിസ്റ്റൻറ് എഞ്ചിനിയറാണ്. അധിക ചെലവിന് ഉത്തരവാദി.

## 3-6 ഗുണഭോക്തൃസമിതികൾക്ക് അധിക തുക കൊടുത്തു.

ഗുണഭോക്തൃസമിതികൾ മുഖേന നടപ്പിലാക്കുന്ന എസ്റ്റിമേറ്റിൽ ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളിൽ ഗുണഭോക്തൃ സമിതികളിൽ നിന്നും ബാധകമായ നികുതികൾ ഈടാക്കണമെന്ന് ജി. ഒ. (പി) നം. 30/2016/ധനം, തീയ്യതി 29.02.2016 ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റിൽ ഓവർ ഹെഡ് ചാർജ്ജ് അനുവദിച്ചിട്ടുള്ള ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ ബിൽ തുക അനുവദിച്ചപ്പോൾ വാറ്റ്, തൊഴിലാളി ക്ഷേമനിധി എന്നിവ പ്രവൃത്തി മൂല്യത്തിൽ നിന്നും ഈടാക്കാതെ വികസന ഫണ്ടിൽ നിന്നും തുക അടവാക്കിയതിനാൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും അധിക ചെലവുണ്ടായിട്ടുണ്ട്. പ്രവൃത്തികളുടെയും അധിക ചെലവിന്റെയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നം., പ്രോജക്ടിന്റെ പേര്, കൺവീനർ | ചെലവ് തുക, ബിൽ നമ്പർ, ഫണ്ട് | പ്രവൃത്തി മൂല്യം, എം. ബുക്ക് നമ്പർ | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | 219/18, തെക്കൻകൊല്ലി കോളനി റോഡ് കോൺക്രീറ്റ്, ശ്രീ. നിധിൻ | 99855/- രൂപ, 01/17-18, 30.06.2017 ടി.എസ്.പി. | 94158/-രൂപ, 355/17-18 | 5697/- (വാറ്റ്- 4755, ക്ഷേമനിധി - 942) |
| 2 | 221/18, റഹ്മത്ത് നഗർ റോഡ് കോൺക്രീറ്റ്, ശ്രീ. പി. കെ. ഉണ്ണികൃഷ്ണൻ | 100000/- രൂപ, 03/17-18, 20.07.2017 ധനകാര്യ | 96187/-രൂപ, 505/17-18 | 3813/- (*) (വാറ്റ്- 4857, ക്ഷേമനിധി - 962) |

| | | | | |
|---|---|---|---|---|
| | | കമ്മീഷൻ ഗ്രാന്റ് | | |
